**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 32** **16-09-2025 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ വകുപ്പുകളിൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ ഇതുവരേയും നടത്താത്ത വകുപ്പുകൾ ഏതെല്ലാമാണെന്നും ഇവിടങ്ങളിൽ ഓൺലൈൻ ട്രാൻസ്ഫർ നടത്താൻ സാധിക്കാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ? | (എ) | ചുവടെ ചേർക്കുന്ന സംസ്ഥാന സർക്കാർ വകുപ്പുകളിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടില്ല.<br><br>പുരാവസ്തു, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, കോളേജ് വിദ്യാഭ്യാസം, ദേശീയസമ്പാദ്യ പദ്ധതി, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം (അദ്ധ്യാപകരുടെത് മാത്രം ഓൺലൈൻ ആക്കിയിട്ടില്ല), പിന്നോക്കവിഭാഗ വികസനം, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്, കോ-ഓപ്പറേറ്റീവ് ആഡിറ്റ്, മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്, ഇറിഗേഷൻ, ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ്, ലാൻഡ് ബോർഡ്, സ്റ്റേറ്റ് ലോട്ടറീസ്, മൈനിംഗ് & ജിയോളജി, മ്യൂസിയം & സൂ, പ്ലാനിംഗ് ബോർഡ്, തുറമുഖം, പ്രിസൺസ് & കറക്ഷണൽ (എക്സിക്യൂട്ടീവ് സ്റ്റാഫ് മാത്രം ഓൺലൈൻ ആക്കിയിട്ടില്ല) പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, വിനോദസഞ്ചാരം, ടൗൺ & കൺട്രി പ്ലാനിംഗ്, ട്രഷറി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം, നികുതി കമ്മീഷണറുടെ കാര്യാലയം, എക്സൈസ് കമ്മീഷണറുടെ കാര്യാലയം, ക്ഷീര വികസനവകുപ്പ്.<br><br>വകുപ്പുകൾ സോഫ്റ്റ് വെയർ പ്രാപ്തമാക്കുന്നതിലെയും എല്ലാ തസ്തികകളും ഉൾപ്പെടുത്തി സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്യുന്നതിലെയും സ്പെഷ്യൽ റൂളിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാലുമുള്ള കാലതാമസമാണ് ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കാത്തതിനുള്ള കാരണം. |

സെക്ഷൻ ഓഫീസർ